**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3435

16/12/2015 – ൽ മറുപടിക്ക്

**കുടുംബശ്രീ അക്കൗണ്ട് ആന്റ് ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കുടുംബശ്രീയുടെ കണക്കെഴുത്ത് പരിശീലനം നൽകുന്നതും, കണക്കുകൾ പരിശോധിക്കുന്നതും ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കണക്കെഴുത്ത് പരിശീലനം നൽകുന്നതും കണക്കുകൾ പരിശോധിക്കുന്നതും കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ് ഗ്രൂപ്പും പരിശീലന ഗ്രൂപ്പുകളുമാണ്. |
| (ബി) | കുടുംബശ്രീ അക്കൗണ്ട് ആന്റ് ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി (കെ.എ.എസ്.എസ്) എന്ന ഏജൻസി രൂപീകരിച്ചത് എപ്പോഴാണെന്നും അതിന്റെ ഉദ്ദേശ്യം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | കുടുംബശ്രീ അക്കൗണ്ട്സ് & ഓഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി (കാസ്) രൂപീകരിച്ചത് 2007-ലാണ്. 22/2/2011-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാന പ്രകാരം കുടുംബശ്രീ സംവിധാനത്തിന്റെ അംഗീകൃത ഓഡിറ്റിംഗ് ഏജൻസിയായി കാസ് ഗ്രൂപ്പുകളെ അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഭാഗമായ അയൽക്കൂട്ടങ്ങളുടെയും എഡിഎസ് സിഡിഎസ് സംവിധാനങ്ങളുടെയും സാമ്പത്തിക പ്രവർത്തനങ്ങൾ/ഇടപാടുകൾ സുതാര്യവും കാര്യക്ഷമമായും നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യം |
| (സി) | പ്രസ്തുത സൊസൈറ്റിയ്ക്ക് കുടുംബശ്രീയുടെ ഓഡിറ്റിംഗ് നടത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ എന്നും ഇല്ലെങ്കിൽ കുടുംബശ്രീ ഓഡിറ്റിങ് നടത്തുന്നതിന് പ്രസ്തുത വിഭാഗത്തെ തുടർന്നും ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന്റെ ഓഡിറ്റിംഗ് കാസ് അംഗങ്ങൾക്ക് നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന്റെ ഓഡിറ്റിംഗ് തുടർന്നും പ്രസ്തുത വിഭാഗത്തെ ഏൽപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.